# ദൈവത്തോടു അടുത്തു വരുവിൻ

## യാക്കോബ് 4:8

**"ദൈവത്തോടു അടുത്തു ചെല്ലുവിൻ; എന്നാൽ അവൻ നിങ്ങളോടു അടുത്തുവരും"**

ദൈവം നമ്മോട് കൂടെ ഉണ്ട് എന്ന് നാം എല്ലാം വിശ്വസിക്കുന്നു. അതുപോലെ നാമും ദൈവത്തിന്റെ കൂടെയാണ് നടക്കുന്നത് എന്നും നാം വിശ്വസിക്കുന്നു. ഇന്ന് നമ്മൾ ചിന്തിക്കേണ്ടത്, ഇത് നാം ചുമ്മാതെ പറയുകയും വിശ്വസിക്കുകയും ചെയ്യുകയാണോ? ഇത് നമ്മുടെ ജീവിതത്തിൽ അനുഭവിക്കുവാൻ നമുക്ക് സാധിക്കുന്നുണ്ടോ? എങ്ങനെ നമുക്ക് ദൈവത്തോട് അടുത്ത് ചെല്ലുവാൻ സാധിക്കും?

പ്രാർത്ഥനായാലും, വചന ധ്യാനത്താലും ദൈവത്തെ പൂർണ്ണ ഹൃദയത്തോടെ സ്നേഹിക്കണം. ഇന്ന് പലപ്പോഴും നമുക്ക് അതിനു സാധിക്കാതെ പോകുന്നു. നാം ലോകത്തിന്റെ രീതിക്കനുസരിച്ചു ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോഴാണ്, നമുക്ക് ദൈവത്തെ പൂർണ്ണമായും സ്നേഹിക്കാൻ പറ്റാതെ പോകുന്നത്. നല്ല കാര്യങ്ങൾ നമ്മുടെ ജീവിതത്തിൽ സംഭവിക്കുമ്പോൾ നാം സന്തോഷപൂർവ്വം ദൈവത്തിൽനിന്നും കൈനീട്ടി വാങ്ങുകയും, ബുദ്ധിമുട്ടുകളും, വേദനകളും വരുമ്പോൾ, ദൈവം നമ്മോടുകൂടെ ഉണ്ടോ എന്ന് സംശയിക്കുകയും ചെയ്യുന്നു.

എന്നാൽ ദൈവം മറിച്ചാണ്, എല്ലാകാലത്തും, അത് സന്തോഷമായാലും, ദുഃഖമായാലും നമ്മുടെ കൈ പിടിച്ചു നടക്കുവാനാണ് ആഗ്രഹിക്കുന്നത്. പക്ഷെ നാം അനുവദിക്കാറില്ലതാനും. ദൈവം നമ്മെ ഒരിക്കലും ഒറ്റയ്ക്കാക്കി മാറിനിൽക്കുന്നില്ല; മറിച്ച്, നമ്മോടുകൂടെ സദാ ആയിരിക്കുവാൻ, അവിടുത്തെ ഏകജാതനെ നമുക്കായി നൽകി. ആ സ്നേഹത്തെ പൂർണ്ണമായും മനസിലാക്കാതെ ആണ് നാം പലപ്പോഴും പെരുമാറുന്നത്.

**1 യോഹന്നാൻ 5:3 ൽ** പറയുന്നു "അവന്റെ കല്പനകളെ പ്രമാണിക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം." ഒരു ദൈവപൈതൽ എപ്പോഴും ദൈവത്തിന്റെ അധികാരത്തെ അംഗീകരിക്കുകയും അവിടുത്തെ കല്പനകളെ അനുസരണയോടെ സ്വന്ത പ്രവർത്തിയിലൂടെ മറ്റുള്ളവരിലേക്ക് പകർന്നു നൽകുകയും വേണം. എങ്കിൽ മാത്രമേ ദൈവത്തോടുള്ള നമ്മുടെ സ്നേഹം പ്രകടിപ്പിക്കുവാനായിട്ടു നമുക്ക് സാധിക്കുകയുള്ളു, ദൈവഭയം ഉള്ളവർക്ക് മാത്രമേ ദൈവത്തെ പൂർണ്ണമായും സ്നേഹിക്കുവാനായിട്ടു സാധിക്കുകയുള്ളു.

യഹോവയെ ഭയപ്പെടുന്നവരായിരിക്കും അവന്റെ ഉറ്റ സ്നേഹിതർ; ദൈവം തന്റെ ഉടമ്പടി അവരെ അറിയിക്കുന്നു (**സങ്കീർത്തനം 25:14**). തന്നെ സ്നേഹിക്കുന്ന യാക്കോബിന് ദൈവം

ഒരു ഉടമ്പടി കൊടുക്കുന്നു "ഇതാ, ഞാൻ നിന്നോടുകൂടെയുണ്ടു; നീ പോകുന്നേടത്തൊക്കെയും നിന്നെ കാത്തു ഈ രാജ്യത്തേക്കു നിന്നെ മടക്കിവരുത്തും; ഞാൻ നിന്നെ കൈവിടാതെ നിന്നോടു അരുളിച്ചെയ്തതു നിവർത്തിക്കും."

വചനം നമ്മെ പഠിപ്പിക്കുന്നു "നിന്റെ എല്ലാവഴികളിലും അവനെ നിനെച്ചുകൊൾക; അവൻ നിന്റെ പാതകളെ നേരെയാക്കും." നമുക്ക് ദിവസവും, വലുതും ചെറുതുമായ പല തീരുമാനങ്ങളും, ജോലികളും എടുക്കേണ്ടതായി വരുന്നുണ്ട്. നാം ചെയ്യുന്ന ഓരോ കാര്യവും, യെഹോവക്ക് വേണ്ടി ചെയ്താൽ, അവിടെയെല്ലാം ദൈവത്തിന്റെ മഹത്വം വെളിപ്പെടുന്നത് നമുക്ക് കാണുവാൻ സാധിക്കും. നിങ്ങൾ ചെയ്യുന്നതു ഒക്കെയും മനുഷ്യർക്കെന്നല്ല കർത്താവിന്നു എന്നപോലെ മനസ്സോടെ ചെയ്വിൻ. കൊലൊസ്സ്യർ 3:23. ഇന്ന് നാം അങ്ങെനയാണോ ചെയ്തത്? എല്ലാ കാര്യങ്ങളും ദൈവത്തിൽ സമർപ്പിച്ചു, അപ്പച്ചാ ഞാൻ ഇത് ചെയ്യുന്നു, ഞാൻ ഇത് എഴുതുന്നു, ഞാൻ ഇത് ഉണ്ടാക്കുന്നു, ഞാൻ ഇത് വരക്കുന്നു, ഞാൻ അവിടം വരെ പോകുന്നു, ഞാൻ ഒന്ന് സംസാരിക്കുന്നു, എല്ലാ കാര്യത്തിലും അവിടുത്തെ നാമം മഹത്വപ്പെടുമാറാകണം എന്ന് പറഞ്ഞു തുടങ്ങുവാൻ നമുക്ക് സാധിക്കണം.

ഫലത്തിൽ, ഓരോ തീരുമാനം എടുക്കുമ്പോഴും നാം ഇങ്ങനെ ചിന്തിക്കണം. 'ഞാൻ എന്തു ചെയ്യാനാണ് യഹോവ ആഗ്രഹിക്കുന്നത്? എന്തു ചെയ്യുന്നതാണ് അവന് ഏറ്റവുമധികം സന്തോഷം കൈവരുത്തുക?' ഇതാണ് ദൈവ ഭയം എന്ന് പറയുന്നത്. ഈ പ്രവർത്തി നാം ആരംഭിച്ചാൽ, അവിടുന്ന് നമ്മോടു അടുത്ത് വരും, നമ്മോടു ഉടമ്പടികൾ ചെയ്യും.

പ്രിയമുള്ളവരേ, നാം ദൈവത്തെ പൂർണ്ണ ഹൃദയത്തോടെ സ്നേഹിച്ചാൽ, അവിടുന്ന് നാമുമായി ഉടമ്പടി ചെയ്യും നിച്ഛയം. നാം പോകുന്നിടത്തെല്ലാം അവിടുന്ന് നമ്മോടൊപ്പമുണ്ടാകും. യേശു നമുക്കുവേണ്ടിയാണ് ജനിച്ചത്, അതിനാൽ നമ്മുടെ കഷ്ടദിവസത്തിൽ നാം സംരക്ഷിക്കപ്പെടും. ആ പൂർണ്ണ സംരക്ഷണം അനുഭവിക്കുവാൻ ദൈവവുമായുള്ള ഉടമ്പടി പാലിക്കുവാൻ അടുത്തു ചെല്ലുവിൻ; എന്നാൽ അവൻ നിങ്ങളോടു അടുത്തുവരും. ഓരോ പുതിയ ദിവസവും ദൈവത്തോട് കൂടെ ആരംഭിച്ചു, ഓരോ ചലനവും ദൈവത്തോട് കൂടെ നടന്നു, അവിടുത്തെ സ്നേഹം അടുത്തറിഞ്ഞു ആ പൂർണ്ണ സംരക്ഷണത്തിൽ ജീവിക്കുവാൻ ഈ വചനങ്ങൾ നമ്മെ അനുഗ്രഹിക്കുമാറാകട്ടെ. ആമേൻ

ബ്രദർ റ്റോബി ഏബ്രഹാം ചെങ്ങന്നൂർ 020